# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1744/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1744/2022 തീയ്യതി: 20/03/2023

## കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-03-2022 മുതൽ 06-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കിഷോർ തോമസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 17-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 17-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ.ഓഡിറ്റ് ഓഫീസർ HG

ശ്രീമതി.ശ്രീജ.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നിഖില.എ.എം.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത.സി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സാജിദ.ടി.എസ് | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ.അഭിഷേക് കുറുപ്പ് | സെക്രട്ടറി | 14-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിലീപ്കുമാർ | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മി പാറോളി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റീന കുമാരി.എം.കെ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലക്ഷ്മി കേളോത്ത് | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ (അഡീഷണൽ) | 01-04-2021 | 30-10-2021 |
| ശ്രീമതി.ശ്രീജ.സി.എം | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ(അഡീഷണൽ) | 01-11-2021 | 31-03-2022 |
| ശ്രീ.വിഷ്ണു.എസ് നായർ | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈന.പി.വി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ. സതീശൻ കോടഞ്ചേരി | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന പി.വി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 14-02-2022 |
| ശ്രീമതി സ്മിത മാരാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 14-02-2022 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-7 |
| 9 | അഞ്ചരക്കണ്ടി ബസ്സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നടപടി സ്വീകരിക്കുന്നില്ല | 1-8 |
| 10 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത് തനത് വരവുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-10 |
| 12 | സ്വയംതൊഴിൽ സംരംഭം പ്രവർത്തനം ആരംഭിച്ചിട്ടില്ല-₹300000 തടസ്സപ്പെടുത്തുന്നു. | 1-11 |
| 13 | സ്വയം തൊഴിൽ സംരംഭങ്ങളുടെ തുടർപ്രവർത്തനം -മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. | 1-12 |
| 14 | ഗ്രാമ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധന സഹായം നൽകൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-13 |
| 15 | ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-14 |
| 16 | പിണറായി സി.എച്ച്.സിയിലേക്ക് ലാബ് റീ ഏജന്റ് വാങ്ങൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല | 1-16 |
| 18 | കറവ പശുക്കൾക്ക് കാലിത്തീറ്റ-ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സബ്സിഡി ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-17 |
| 19 | പുഷ്പകൃഷി-വനിത-ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 20 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ-രേഖകൾ | 1-19 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല- ചെലവ് തുകയായ ₹ 950000 തടസ്സപ്പെടുത്തുന്നു. | |
| 21 | വി ഇ ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 1-20 |
| 22 | വാക്സിൻ ചലഞ്ചിന് തുക അനുവദിച്ചത് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 23 | വിവിധ പ്രോജക്ടുകൾക്കായി ബ്ലോക്ക് വിഹിതം നൽകിയിത്-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 24 | പ്രവൃത്തിയിലെ അപാകതകൾ-തുക 499481രൂപ തടസപ്പെടുത്തുന്നു | 1-23 |
| 25 | വികസനഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾ -മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 26 | നിർമാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല.പിഴ ഈടാക്കേണ്ടതാണ്. | 1-25 |
| 27 | ഭരണസമിതി തീരുമാനം കൂടാതേയും സപ്ലിമെന്ററി കരാർ തയ്യാറാക്കാതേയും പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു നൽകി | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം വർഷം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയുടെ 19-2-2021 ലെ 13/20-21 നമ്പർ യോഗതീരുമാന പ്രകാരം അംഗീകരിച്ച 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| | ബജറ്റ് തുക | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുൻബാക്കി | 4119320.00 | 10084898.00 |
| വരവ് | 118199000.00 | 49226111.00 |
| ആകെ വരവ് | 122318320.00 | 59311009.00 |
| ചെലവ് | 116363140 | 52233212 |
| നീക്കിയിരിപ്പ് | 5955180 | 7077797.00 |

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 16/6/22 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.HDFC- CFC അക്കൗണ്ട് റികൺസിലിയേഷൻ പ്രകാരം രേഖപ്പെടുത്തിയ ബാങ്ക് ബാലൻസ് തുക (₹7128090) ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള തുകയുമായി(7282888) പൊരുത്തപ്പെടുന്നില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 222581രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

4.വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹45050വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

5.2021-22 വർഷത്തിൽ പാർട്ട്ബിൽ നൽകി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രോജക്ട് ചെലവുകളുടെ വിവരം വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റിലെ B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ആസ്തി , ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

7.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരംവാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

8.ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 117738 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9.വാടക രജിസ്റ്റർ ഡിമാന്റ്, വരവ്, കുടിശ്ശിക, സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. 2021-22 വർഷത്തിൽ പാർട്ട്ബിൽ നൽകി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രോജക്ട് ചെലവുകളുടെ വിവരം വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റിലെ B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1959639 |
| വരവ് തുക | 66070688 |
| ആകെ | 68030327 |
| ചെലവ് തുക | 58952306 |

| | |
|---|---|
| നീക്കിയിരിപ്പ് | 9078021 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1749681 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 29199802 | 29199802 | 27127000 | 2072802 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2290000 | 2290000 | 2290000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 38200 | 38200 | 0 | 38200 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6815590 | 6815590 | 2268210 | 4547380 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) | 0 | 9858315 | 9858315 | 2492880 | 7365435 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 5732806 | 5732806 | 4043192 | 1689617 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ് ജെ എസ് വൈ | 1111 | 33 | 1144 | 0 | 1144 |
| ഐ.എ.വൈ (അഡീഷണൽ) | 140685 | 4233 | 144918 | 0 | 144918 |
| ഐ സി ഡി എസ് | 1902733 | 0 | 1902733 | 0 | 1902733 |
| പൈക്ക | 640694 | 18615 | 659309 | 118 | 659191 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 5980 | 27344 | 33324 | 33324 | 0 |
| ഇ പി ഫണ്ട് | 0 | 42840 | 42840 | 42840 | 0 |
| നിർമ്മൽ പുരസ്കാർ | 300000 | 0 | 300000 | 0 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 77 | ₹56932409 | 48 | ₹39006624 | 17 | 12 | 62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 19 | 21934951 | 13065794 | 60 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 3121000 | 864690 | 28 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 3420000 | 3420000 | 100 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 11 | 10 | 7447015 | 6432315 | 86 |
| ശിശു വികസന പ്രോജക്റ്റ് ഓഫീസർ | 13 | 13 | 6692623 | 6533876 | 98 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 | 4 | 805427 | 788245 | 98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 13 | 13 | 11364893 | 6401704 | 56 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 2146500 | 1500000 | 70 |
| | 77 | 65 | 56932409 | 39006624 | 69 |

2021-22 വർഷത്തിൽ ആകെ പദ്ധതി ചെലവ് 69% മാത്രമാണ്. കൃഷി അസിസ്ററന്റ് ഡയറക്ടറുടെ പദ്ധതി ഇനത്തിലെ ചെലവ് 28 ശതമാനം മാത്രമാണ്.ഡയറി എക്സ്റ്റൻഷൻ ഓഫീസർ 100 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് 69 ശതമാനം മാത്രമാണ്. അതത് വർഷം ചെലവഴിക്കാത്ത വികസന ഫണ്ട് തുകകൾ ലാപ്സാകുന്ന സാഹചര്യത്തിൽ ഭാവിയിൽ പദ്ധതി ചെലവിന്റെ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/12/2022 തീയ്യതിയിൽ 3.30 Pm സമയത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

തുകയൊന്നും ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. ഡെപോസിറ്റ് രജിസ്ററർ സൂക്ഷിക്കുന്നില്ല. ഡെപോസിറ്റ് ഇനത്തിൽ വർഷങ്ങളായി ഒറ്റതുക തന്നേ ബാലൻസ് ഇനത്തിൽ ക്രമീകരിക്കാതെ സൂക്ഷിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ മുൻവർഷങ്ങളിൽ ഡെപോസിറ്റ് ഇനത്തിൽ നൽകിയ പണം മൂന്ന വർഷത്തിൽ അധിക കാലം ബാക്കി നിൽക്കുന്ന തുക ക്രമീകരിക്കാതെ അക്കൗണ്ടിൽ കിടപ്പുണ്ട്. PYkKA ഇനത്തിൽ ലഭിച്ച 659191 രൂപയും നിർമൽ പുരസ്കാർ ഇനത്തിൽ ലഭിച്ച 300000 രൂപയും നാളിതുവരേയും ചെലവഴിക്കാതെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി 2021-22 ൽ രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സെക്രട്ടറി, അസിസ്ററന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ നിർവഹണം നടത്തിയ ലാപ്ടോപ്പ് പർചേസുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകളിൽ ആരോഗ്യം, ചെറുകിട വ്യവസായം എന്നിവ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമാണ് ശരിയായ രീതിയിൽ 2021-22 വർഷം യോഗം ചേർന്നിരുന്നതായി ആയതിന്റെ മിനുട്സ് പരിശോധനയിൽ കാണാൻ കഴിഞ്ഞത്. വിദ്യാഭ്യസം സംസ്കാരം, സാമൂഹ്യക്ഷേമം, കുടിവെള്ളം ശുചിത്വം തുടങ്ങിയ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ 2015-16 വർഷത്തിലാണ് അവസാനമായി യോഗം ചേർന്നത് എന്ന് ഇത് സംബന്ധിച്ച മിനുട്സ് പരിശോധനയിൽ കണ്ടെത്താനായിട്ടുണ്ട്. വിവിധ പ്രവൃത്തികളുടെ മോണിറ്ററിംഗും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. ചില മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തി, സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി യോഗം ചേരേണ്ടതും പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ്ക്കാന്തി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നില്ല എന്നതും പോരായ്മയാണ്. ഈ സാഹചര്യത്തിൽ മേൽ സ്ഥാപന ത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം വേണ്ടത്ര കാര്യക്ഷമമല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-8 അഞ്ചരക്കണ്ടി ബസ്സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നടപടി സ്വീകരിക്കുന്നില്ല

അഞ്ചരക്കണ്ടി ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 2 മുറികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ട് .

1. 2021-22 വർഷം വാടക വാടകക്കാരിൽ നിന്ന് ഈടാക്കിയതിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. റൂമുകൾ വാടകയ്ക്ക് 1.4.2021 മുതൽ 31.3.2022 വരെ ഏതൊക്കെ സംരഭ ഗ്രൂപ്പുകൾക്കാണ് (കുടുബശ്രീ) വാടകയ്ക്ക് നൽകിയത് എന്നത് വ്യക്തമല്ല.

3. വാടക ഈടാക്കുന്നത് സംബന്ധിച്ചുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. റൂമുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് 30.7.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/13.12.22) മറുപടി ലഭ്യമായിട്ടില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 വാർഷിക ധനകാര്യ പത്രിക ബി7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി ₹222581 നീക്കിയിരിപ്പുണ്ട്. 2016-17 വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രിക പ്രകാരം ഓരോ വർഷവും Contractors Security Deposit ഇനത്തിൽ ഒരേ തുകയാണ് (₹204094) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുക സംബന്ധിച്ച കണക്കുകൾ വ്യക്തമല്ല. കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 14/14-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്ത് തനത് വരവുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പിണറായി വെണ്ടുട്ടായി മിനി വ്യവസായ കേന്ദ്രത്തിൽ 6 മുറികളും, അഞ്ചരക്കണ്ടി ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ 2 മുറികളുമാണ് വാടകയ്ക്ക് നൽകുന്നയിനത്തിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റ തനത് ആസ്തികൾ. വ്യവസായ പാർക്കിന്റെ മുറികൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ വ്യവസ്ഥ 5 പ്രകാരം മുറികൾ ഉപയോഗിക്കാനുള്ള അവകാശം സാമ്പത്തിക വർഷം അവസാനിക്കുന്ന വിധം മാസ വാടക അടിസ്ഥാനത്തിൽ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുറികൾ ലഭിച്ചവർ കരാർ എല്ലാ സാമ്പത്തികവർഷവും പുതുക്കേണ്ടതാണ്. ഭരണ സമിതിക്ക് നിലവിലുള്ള വാടകയുടെ 5മുതൽ 15 ശതമാനം അധികം നിശ്ചയിച്ച് നിലവിലുള്ളവർക്ക തന്നെ കരാർ നൽകുവാൻ ബൈലോവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിധം വർദ്ധനവ് വരുത്തിയാണോ നിലവിൽ വാടക ഈടാക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് പ്രതിമാസം 2% പിഴ പലിശയോടുകൂടി അടക്കണം. യാതൊരു കാരണവശാലും മൂന്നു മാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. ഇത്തരം സന്ദർഭങ്ങളിൽ ലേലാവകാശം റദ്ദുചെയ്ത് മുറി പുനർവിതരണം നടത്താൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും തുടങ്ങിയ വ്യവസ്ഥകൾ ബൈലോവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷം 45120/-രൂപയും മുൻവർഷങ്ങളിൽ 109340/-രൂപയും കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശിക ഈടാക്കുന്നതിന് ബൈലോയിൽ വ്യക്തമാക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളൊന്നും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തുകകൾ ഇതിനോടകം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, അല്ലാത്തപക്ഷം കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(1/13.12.22) മറുപടി നല്കിയിട്ടില്ല .ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മിനി വ്യവസായ കേന്ദ്രത്തിൽ നിന്നും വാടക പിരിച്ചെടുത്തത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ എത്ര തുക പിരിച്ചെടുക്കുവാനുണ്ടെന്നും എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും കുടിശ്ശിക എത്രയുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാകുന്നില്ല. ആയതിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ദീർഘകാലം വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറഞ്ഞിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ സ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്. വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തത് പരിശോധനയ്ക്ക് തടസമാകുന്നുണ്ട്. വാടക രജിസ്റ്ററിൽ കൃത്യവും വ്യക്തവുമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വർഷാവസാന സംക്ഷിപ്തം രജിസ്റ്ററിന്റെ ഭാഗമാക്കേണ്ടതുമാണ്.

## 1-11 സ്വയംതൊഴിൽ സംരംഭം പ്രവർത്തനം ആരംഭിച്ചിട്ടില്ല-₹300000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ /പേര് | 28/2022 വിവിധ ഉൽപാദന യൂണിറ്റുകൾ വനിത |
| അടങ്കൽ | ₹2041500 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹1500000 |
| ബിൽ നമ്പർ തീയതി | 3/02-03-2022 ₹3,00,000<br>5/06-03-2022 ₹3,00,000<br>1/11-02-2022 ₹3,00,000<br>2/02-03-2022 ₹3,00,000<br>4/02-03-2022 ₹3,00,000 |

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപെട്ട വനിതകൾക്ക് ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിന് ധന സഹായം നൽകുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയാണിത് . പ്രോജക്റ്റ് പ്രകാരം ഗ്രാമിയ ഫ്ലോർ മിൽ, സൗഹൃദ സ്വയം സഹായ സംഘം, നാട്ടുപച്ച അഗ്രി നഴ്സറി, നന്മ സ്വയം സഹായ സംഘം, ലുക്ക് അപ് സ്വയം സഹായ സംഘം എന്നിവർക്ക് വിവിധ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ₹3,00,000 വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 15-12-22 ന് നടത്തിയ സ്ഥല പരിശോധനയിൽ പാതിരിയാട് സൗഹൃദ സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിൽ തുടങ്ങാനിരുന്ന ഓൺലൈൻ ഹബ്ബ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എ ന്ന് കണ്ടെത്തിയിട്ടുണ്ട്.

പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ചെലവഴിച്ച തുക,ഭൗതിക/പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങിച്ച സാധനങ്ങളുടെ ബില്ലുകളും അവ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2)സബ്സിഡി മാർഗ്ഗരേഖ ഖ.6.4 ക്രമ നം. 1,2,3,4 പ്രകാരം സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.4. പ്രകാരം പദ്ധതി വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നും സാമ്പത്തിക ഇടപാടുകൾ (സംരംഭത്തിൽ നിന്നുള്ള വരവുകളും) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്. സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിന്റെ ബാങ്ക് ഇടപാടുകളുടെ രേഖകൾ, സബ്സിഡിയായി അനുവദിച്ച തുക ലോൺ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ബാങ്ക് വായ്പാ ഇടപാടുകൾ നടത്തിവരുന്ന പാസ്സ് ബുക്ക്, ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചവിവരം പ്രദർശിപ്പിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല.

5) ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ തീരുമാനം നമ്പർ തീയതി എന്നിവ അറിയിക്കേണ്ടതാണ്.

6) സൗഹൃദ സ്വയം സഹായ സംഘം പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/14.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും

വിശദീകരണങ്ങളുടെയും അഭാവത്തിൽ പാതിരിയാട് സൗഹൃദ സ്വയം സഹായ സംഘത്തിന് നല്കിയ തുക ₹300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 സ്വയം തൊഴിൽ സംരംഭങ്ങളുടെ തുടർപ്രവർത്തനം -മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

2018-19, 2019-20, 2020-21 വർഷങ്ങളിൽ ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | 2018-19 | 17 | വിവിധ ഉല്പാദക സംരംഭങ്ങൾ ജനറൽ | 1000000 (വികസന ഫണ്ട് പൊതു) | 1000000 |
| 2 | 2018-19 | 19 | വിവിധ ഉല്പാദക സംരംഭങ്ങൾ- വനിതകൾ | 1200000 (വികസന ഫണ്ട്-പൊതു) | 1200000 |
| 3 | 2018-19 | 22 | വ്യവസായ ഇൻക്യുബേഷനും ഇൻഫർമേഷൻ സെന്റർ | 100000 (മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ) | 90101 |
| 4 | 2018-19 | 21 | വിവിധ ഉല്പാദക സംരംഭങ്ങൾ- വനിതകൾ | 900000(എസ് സി പി) | 900000 |
| 5 | 2019-20 | 1 | വിവിധ ഉല്പാദക സംരംഭങ്ങൾ | 1649000 (വികസന ഫണ്ട്-പൊതു) | 820000 |
| 6 | 2019-20 | 4 | ഡി ടി പി സെന്റർ | 600000 (വികസന ഫണ്ട്-പൊതു) | 200000 |
| 7 | 2020-21 | 55 | വിവിധ ഉല്പാദക സംരംഭങ്ങൾ- വനിതകൾ | 1200000(വികസന ഫണ്ട്-പൊതു) | 1200000 |
| 8 | 2020-21 | 65 | ഉല്പാദക യൂണിറ്റ്- വനിതകൾ | 600000 (വികസന ഫണ്ട്-പൊതു) | 600000 |
| 9 | 2020-21 | 58 | ചക്ക സംസ്കരണ മൈക്രോ യൂണിറ്റ് | 829000 (വികസന ഫണ്ട്-പൊതു) | 829000 |
| 10 | 2020-21 | 59 | വിവിധ ഉല്പാദക യൂണിറ്റുകൾ | 400000(വികസന ഫണ്ട്-പൊതു) | 400000 |

ബാങ്ക് ലോൺ മുഖേന ആരംഭിച്ചിട്ടുള്ള മേൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡിയായാണ് തുക അനുവദിച്ചിട്ടുള്ളത്. സർക്കാർ ധനസഹായം വിനിയോഗിച്ച് ആരംഭിച്ചിട്ടുള്ള ഇത്തരം സംരംഭങ്ങളുടെ തുടർപ്രവർത്തനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതാണ്. നിലവിൽ മേൽ സംരംഭങ്ങൾ പ്രവർത്തന സജ്ജമാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനായി ആരംഭിച്ച മേൽ പ്രോജക്ടുകളുടെയൊന്നും മോണിട്ടറിങ് നടന്നിട്ടില്ല. സംരംഭം പ്രവർത്തിക്കുന്നില്ലെങ്കിൽ തുക എത്രയും പെട്ടെന്ന് പലിശ സഹിതം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്ന പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഗ്രൂപ്പ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിലും സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിലും അതത് വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും കുറെ കൂടി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധന സഹായം നൽകൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 29/22 ഗ്രാമ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധന സഹായം നൽകൽ | So 52/22 ഗ്രാമ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് പൂരക ധന സഹായം നൽകൽ |
| അടങ്കൽ | ₹1150000 വികസനഫണ്ട് | ₹125615 വികസനഫണ്ട് |
| ചെലവ് | ₹1134479 | ₹124567 |
| ബിൽ നമ്പർ തിയ്യതി തുക | 21220363006500724648/30.11.21-400000<br>21220363006500824648/22.12.21-400000<br>21220363006500902342/07.01.22-150000 | 2122036306501364236/18.03.22-₹25531 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക് വിഹിതം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക ₹ | വിനിയോഗിച്ച തുക ₹ | വിനിയോഗിച്ച് അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1 | ന്യൂ മാഹി | 300000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 300000 |
| 2 | മുഴപ്പിലങ്ങാട് | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 100000 |
| 3 | എരഞ്ഞോളി | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 100000 |
| 4. | വേങ്ങാട് | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 200000 |
| 5 | അഞ്ചരക്കണ്ടി | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 100000 |
| 6 | പിണറായി | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 150000 |

1. 2021-22 സാമ്പത്തിക വർഷത്തിലെ സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 29/22 പദ്ധതിയുടെ ആകെ ചെലവ് 1134479/- രൂപയാണ്. 950000/- രൂപയുടെ ചെലവ് രേഖകൾ മാത്രമെ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. 184479/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. 1134479/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും മുഴവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.
2. 2021-22 സാമ്പത്തിക വർഷത്തിലെ സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 52/22 പദ്ധതിയുടെ ആകെ ചെലവ് ₹124567 രൂപയാണ്. പിണറായി ഗ്രാമ പഞ്ചായത്തിന് കൈമാറിയ 25531/- രൂപ യുടെ ചെലവ് രേഖകൾ മാത്രമെ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. 99036/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ₹124567 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും മുഴവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-14 ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | | | |
|---|---|---|---|
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, |

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥൻ | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 100/22 ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകൽ | 96/22 ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകൽ | 92/22 ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകൽ |
| അടങ്കൽ | ₹325000 വികസനഫണ്ട് | ₹1084603 വികസനഫണ്ട് | ₹490397 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹325000 | ₹1084603 | ₹490397 |
| ബിൽ നമ്പർ തിയ്യതി തുക | 21220363006501364266/ 18.03.22- ₹325000 | 21220363006500902335/ 07.1.22-₹300000 21220363006500826488/ 22.12.21-₹459603 21220363006501070130/07.2.22- ₹325000 | 21220363006500797426/ 17.12.21-₹490397 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ 100/22 പ്രകാരമുള്ള ചെലവുകൾ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക ₹ | വിനിയോഗിച്ച തുക ₹ | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1. | അഞ്ചരക്കണ്ടി | 325000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 325000 |

പ്രോജക്ട് നമ്പർ 96/22 പ്രകാരമുള്ള ചെലവുകൾ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക ₹ | വിനിയോഗിച്ച തുക ₹ | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1 | ന്യൂ മാഹി | 325000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 325000 |
| 2 | വേങ്ങാട് | 325000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 325000 |
| 3 | പിണറായി | 300000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 300000 |
| 4 | ധർമടം | 134603 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 134603 |

പ്രോജക്റ്റ് നമ്പർ 92/22 പ്രകാരമുള്ള ചെലവുകൾ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക ₹ | വിനിയോഗിച്ച തുക ₹ | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1 | മുഴപ്പിലങ്ങാട് | 325000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 325000 |
| 2 | ധർമടം | 165397 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 165397 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(16/14.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15 പിണറായി സി.എച്ച്.സിയിലേക്ക് ലാബ് റീ ഏജന്റ് വാങ്ങൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ഇരിവേരി |
| പ്രോജക്റ്റ് നമ്പർ/പേര് | 34/22, സി.എച്ച്.സി പിണറായിയിലേക്ക് ലാബ് റീ ഏജന്റ് വാങ്ങൽ |
| അടങ്കൽ | ₹ 224000 മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | ₹216561 |
| ബിൽ നമ്പർ/തീയതി | ₹24569-201220363006500105680/07-06-2021<br>₹9438-21220363006500105680/12-08-2021<br>₹38532-21220363006500402022/10-09-2021<br>₹33708-21220363006500503360/11-10-2021<br>₹17277-21220363006500724651/30-11-2021<br>₹93029-21220363006500501013044/27-01-2022 |

മരുന്ന് വാങ്ങുന്നതിന് ലാബ് എക്സ്, ഓസോൺ കെമിക്കൽസ്, എബി സി ഡയഗനോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങൾക്ക് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. ₹216561യുടെ ലാബ് റീ ഏജന്റ് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലാബ് റീ ഏജന്റ് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലാബ് റീ ഏജന്റ് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ /പേര് | 3/22 പാലിന് സബ്സിഡി |
| അടങ്കൽ | ₹ 900000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹ 900000 |

| | |
|---|---|
| ബിൽ നമ്പർ തീയതി ( ACR പ്രകാരം) | 82/28-10-2021 ₹100000<br>169/20-01-2022 ₹100000<br>176/28-01-2022 ₹30000<br>177/01-02-2022 ₹220000<br>114/19-11-2021 ₹300000<br>156/14-01-2022 ₹ 50000<br>157/14-01-2022 ₹ 100000 |

2021-22 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പാലിന് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്ക വേണ്ടി വികസന ഫണ്ടിൽ നിന്നും ₹ 900000 രൂപ ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല. ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/15-12-2022) മറുപടി നൽകിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

### 1-17 കറവ പശുക്കൾക്ക് കാലിത്തീറ്റ-ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സബ്സിഡി ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ /പേര് | 9/22 കറവ പശുക്കൾക്ക് കാലിതീറ്റ |
| അടങ്കൽ | ₹2500000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹2500000 |
| ബിൽ നമ്പർ /തീയതി/ തുക | 1/26-10-2021 ₹247000<br>2/28-10-2021 ₹246330<br>4/12-11-2021 ₹119230<br>5/16-11-2021 ₹272200<br>7/25-11-2021 ₹303450<br>8/10-12-2021 ₹268780<br>9/22-12-2021 ₹251800<br>11/11-01-2022 ₹662165<br>12/11-01-2022 ₹129045 |

മേൽ പ്രോജക്ടുകൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ തുകയായ ₹2500000 രൂപ സബ്സിഡി വിഹിതം പിണറായി ക്ഷീരോത്പാദക സഹകരണ സംഘം, അഞ്ചരക്കണ്ടി ക്ഷീരോത്പാദക സഹകരണ സംഘം, പാതിരിയാട് ക്ഷീരോത്പാദക സഹകരണ സംഘം, തലശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.15 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹10000 ആണ്. ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയായ 10,000 ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തന്നെ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഇരട്ടിപ്പില്ലാതെ മേൽ പ്രോജക്ട് ഏറ്റെടുക്കാം എന്ന് വ്യകതമാക്കിയിട്ടുണ്ട്. ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്ത് മുഖാന്തിരം ക്ഷീരകർഷകർക്ക് കാലിതീറ്റ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. പിണറായി, അഞ്ചരക്കണ്ടി, വേങ്ങാട്, ധർമ്മടം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ക്ഷീരകർഷകർക്ക് കാലിതീറ്റ സബ്സിഡി 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/15-12-2022) മറുപടി നല്കിയിട്ടില്ല. പിണറായി, അഞ്ചരക്കണ്ടി, വേങ്ങാട്, ധർമ്മടം ഗ്രാമപഞ്ചായത്തുകളിലെ മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് പത്രിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം ലഭിച്ചവർക്ക് തന്നെയാണോ ബ്ലോക്ക് പഞ്ചായത്ത് മുഖേന സബ്സിഡി നൽകിയതെന്ന് പരിശോധിച്ചിട്ടില്ല. ഇത് കാരണം സബ്സിഡി തുക ഇരട്ടിപ്പിന് സാധ്യതയുണ്ട്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 പുഷ്പകൃഷി-വനിത-ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പ്രൊജക്ട് നമ്പർ | 12 /22 |
| പ്രൊജക്ടിന്റെ പേര് | പുഷ്പകൃഷി-വനിത |
| അടങ്കൽ തുക | ₹250000 (വികസന ഫണ്ട്)<br>₹100000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | ₹171940 വികസന ഫണ്ട് |
| ബിൽ നമ്പർ/തീയ്യതി | 1/25.09.21- ₹165900<br>2/28.10.21- ₹6040 |

50000 തൈകൾ 5 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനും (തൈ ഒന്നിന് 3.75 രൂപ വികസന ഫണ്ടും 1.25 രൂപ ഗുണഭോക്തൃ വിഹിതവും) നൂറ് തൈകൾക്ക് അഞ്ച് കിലോ കുമ്മായം 75% സബസിഡി നിരക്കിലും വളത്തിന് 50% സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തൈ ഒന്നിന് അഞ്ച് രൂപ നിരക്കിൽ 44240 തൈകൾ വാങ്ങിയതിന് വേങ്ങാട് അഗ്രോ സർവീസ് സെന്ററിന് ബിൽ നമ്പർ 1/25.09.21 പ്രകാരം ₹165900 മാത്രമാണ് കൈമാറി നല്കിയിട്ടുള്ളത്. 801 നമ്പർ രശീത് ബുക്കിലെ ഒന്ന് മുതൽ അറുപത്തി രണ്ട് വരെയും 90 നമ്പർ രശീത് ബുക്കിലെ 66 മുതൽ 100 വരെയുമുള്ള രസീതുകളിലായി ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 55300/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.(രശീത് നമ്പർ 76/07.07.21)എന്നാൽ പ്രസ്തുത തുക പദ്ധതിക്കായി ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 55300/- രൂപ പദ്ധതിക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ-രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുകയായ ₹ 950000 തടസ്സപ്പെടുത്തുന്നു.

ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തലശ്ശേരി, അഡീഷണൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, തലശ്ശേരി, അഡീഷണൽ |
| പ്രോജക്ടിന്റെ പേര് | 7/22 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ |
| അടങ്കൽ | ₹950000 വികസനഫണ്ട് |
| ചെലവ് | ₹950000 വികസനഫണ്ട് |
| ബിൽ നമ്പർ/ തീയ്യതി | 21220363007101286474/09.03.22 |

മേൽ പ്രോജക്ട് പ്രകാരം 950000/- രൂപ ചെലവഴിച്ച് 10 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ

കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ലഭ്യമാക്കാത്ത രേഖകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1 | പി കെ രവി | ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 2 | വിനോദൻ എം കെ | ലൈസൻസിന്റെ പകർപ്പ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 3. | പ്രകാശൻ കെ സി | ലൈസൻസിന്റെ പകർപ്പ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 4 | സത്യൻ കെ | ലൈസൻസിന്റെ പകർപ്പ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 5 | മനോജ് കെ | ലൈസൻസിന്റെ പകർപ്പ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 6 | മഹേന്ദ്രൻ കമ്പാട്ടി | ലൈസൻസിന്റെ പകർപ്പ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 7 | സുരേന്ദ്രൻ മനേളി | ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 8 | മുഹമ്മദ് കെ പി | ലൈസൻസിന്റെ പകർപ്പ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 9 | ജബ്ബാർ എം | ലൈസൻസിന്റെ പകർപ്പ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |
| 10 | അബ്ദുൾ ഖാദർ കെ | ലൈസൻസിന്റെ പകർപ്പ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ഗുണഭോക്താവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/13-12-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹950000 തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 വി ഇ ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 77/22 വി ഇ ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ |
| അടങ്കൽ | ₹ 700000 തനത് ഫണ്ട് |
| ചെലവ് | ₹ 546280, ബിൽ നം 81/21-22,തീയതി 7-10-22 |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ 14 വി ഇ ഒ മാർക്ക് ലാപ് ടോപ്പുകൾ വാങ്ങുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിന്റെ (Invoic No. TVM/ITGB/PI/RC/29879/20-21 Dt 23-9-21) അടിസ്ഥാനത്തിൽ ഒരു ലാപ് ടോപ്പിന് ₹ 39020 നിരക്കിൽ ആകെ ₹546280 കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ഡെലിവറി ചലാൻ നം 05651/ITP /22-23 Dt 25-10-22 പ്രകാരം ഒരു ലാപ് ടോപ്പിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ ₹38185 (₹36716+1469)യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം 14 ലാപ്ടോപ്പുകളുടെ വില ₹ 534590 യാണ്. അധികം നൽകിയ ₹11690 തിരികെ

ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/14-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വാക്സിൻ ചലഞ്ചിന് തുക അനുവദിച്ചത് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം.18/21-22/24-05-2021 പ്രകാരം വാക്സിൻ ചലഞ്ച് ഇനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നമ്പർ 39251566695) 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 വിവിധ പ്രോജക്ടുകൾക്കായി ബ്ലോക്ക് വിഹിതം നൽകിയിത്-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പ്രോജക്ടുകൾക്കായി ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം- | പ്രൊജക്റ്റിന്റെ പേര് | തുക കൈമാറിയ സ്ഥാപനം | വിഹിതം നൽകിയ തുക |
|---|---|---|---|---|
| 1 | 41/22 | ലൈഫ് പി എം എ വൈ ഭവനപദ്ധതി(പട്ടിക ജാതി) | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | 353000 |
| | | | ധർമ്മടം ഗ്രാമപഞ്ചായത്ത് | 100000 |
| | | | പിണറായി ഗ്രാമപഞ്ചായത്ത് | 640000 |
| | | | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 205000 |
| | | | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 349823 |
| 2 | 37/22 | ലൈഫ് പി എം എ വൈ ഭവനപദ്ധതി-ജനറൽ | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | 1800000 |
| | | | ധർമ്മടം ഗ്രാമപഞ്ചായത്ത് | 690000 |
| | | | പിണറായി ഗ്രാമപഞ്ചായത്ത് | 40000 |
| | | | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 595000 |
| | | | വേങ്ങാട് ഗ്രാമപഞ്ചായത്ത് | 1700000 |
| | | | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 710000 |
| | | | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 650077 |
| 3 | 43/22 | വിവിധ ഗ്രാമപഞ്ചായത്തിലെ റോഡ് നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ | ധർമ്മടം ഗ്രാമപഞ്ചായത്ത് | 356360 |
| | | | പിണറായി ഗ്രാമപഞ്ചായത്ത് | 350000 |
| | | | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 139000 |

| | | | | |
|---|---|---|---|---|
| 4 | 13/22 | ഐ കെ എം ന് പ്രവർത്തന ഫണ്ട് വകയിരുത്തൽ 2021-22 | ഐ കെ എം മിഷൻ ഡയറക്ടർ | 41877 |
| 5 | 73/22 | ഗ്രാമപഞ്ചായത്തുകളിലെ ആശ്രയ പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ | ധർമ്മടം ഗ്രാമപഞ്ചായത്ത് | 94542 |
| | | | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 5458 |
| 6 | 70/22 | ഗ്രാമപഞ്ചായത്തുകളിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ | വേങ്ങാട് ഗ്രാമപഞ്ചായത്ത് | 125000 |
| | | | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 80000 |
| | | | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 62618 |
| | | | ധർമ്മടം ഗ്രാമപഞ്ചായത്ത് | 282000 |
| 7 | 72/22 | ഗ്രാമപഞ്ചായത്തുകളിലെ പട്ടിക ജാതി ഭവനപുനരുദ്ധാരണത്തിന് ബ്ലോക്ക് വിഹിതം നൽകൽ | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 150000 |
| | | | വേങ്ങാട് ഗ്രാമപഞ്ചായത്ത് | 300000 |

ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/16-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതമായി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്രവൃത്തിയിലെ അപാകതകൾ-തുക 499481രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 22/22 അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസ് നവീകരണം |
| അടങ്കൽ തുക ഫണ്ടിനം | 500000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 2122036006401427008 തീയതി 24-3-22 തുക 499481 |

അസിസ്ററന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസ് നവീകരണം എന്ന പ്രൊജക്ടിനു വേണ്ടി മെയിന്റനൻസ് ഫണ്ട് റോഡിതരം ഇനത്തിൽ ആകെ 499481രൂപ റബ്കോ, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അറിയിക്കുന്നു.

1.എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റബ്കോ തയ്യാറാക്കി സമർപ്പിച്ച എസ്ററിമേറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

2. 500000 രൂപ എസ്റ്റിമേറ്റിനുള്ള മേൽ പ്രവൃത്തിയുടെ കരാർ, 500രൂപയുടെ മുദ്ര പേപ്പറിൽ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ റെബ്കോയുമായി 2022 മാർച്ച് 2 ന് ചമച്ച കരാറിന് 200 രൂപയുടെ മുദ്രപേപ്പർ ആണ് ഉപയോഗിച്ചിരിക്കുന്നത്. കുറഞ്ഞ തുകയുടെ മുദ്ര പേപ്പർ ഉപയോഗിക്കാനുണ്ടായ കാരണം അറിയിച്ചിട്ടില്ല.

3.ഫർണിച്ചറുകൾ ഒഴികെയുള്ള നവീകരണ പ്രവൃത്തികളുടെ വാല്വേഷൻ നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

പാനലിംഗ് പ്രവൃത്തി 2.1 Mtr Hieghtഎ ഇ യുടെ റൂമിൽ 36.4 Sq.m യൂണിറ്റ് പ്രൈസ് 5594 തുക 203622

പാനലിംഗ് പ്രവൃത്തി 2.1 Mtr Hieght എ.എക്സി.ഇ യുടെ റൂമിൽ 30.6 Sq.m യൂണിറ്റ് പ്രൈസ് 5594 തുക 171176

4.പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 7/15-12-22 ന് നല്കിയ മറുപടിയിൽ റബ്കോ തയ്യാറാക്കി തന്ന എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി പൂർത്തിയാക്കിയതെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 499481രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 വികസനഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾ -മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 20/22 അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക<br>ഫണ്ടിനം | 225837 വികസന ഫണ്ട് ജനറൽ |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 2122036006400273126<br>തീയതി 6-8-21 തുക 225837 |

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്ടിനു വേണ്ടി വികസന ഫണ്ട് ജനറൽ ഇനത്തിൽ ആകെ 225837രൂപ കെൽട്രോൺ, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അറിയിക്കുന്നു.

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഉൾപ്പെടെ ആസ്തികളുടെ സ്ഥാപനത്തിനായി ഉപയോഗിക്കാവുന്ന ഫണ്ടുകൾ തനതു ഫണ്ടും ജനറൽ പർപസ് ഫണ്ടും മാത്രമാണ്. എന്നാൽ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് ചെലവുകൾ ഇല്ലാത്ത സാഹചര്യത്തിൽ മെയിന്റനൻസ് റോഡിതരം ഫണ്ട് തുകയും ആസ്തികളുടെ സ്ഥാപനത്തിനായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വികസന ഫണ്ട് ഉപയോഗിച്ച് ആണ് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ വികസന ഫണ്ട് ഉപയോഗിച്ച് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/14-12-2022ന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വളരെ അത്യാവശ്യമായതിലാണ് വികസന ഫണ്ട് ഉപയോഗിച്ച് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.പഞ്ചായത്തിന്റെ വികസന പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ട തുക സ്ഥാപനത്തിന്റെ ആസ്തികളുടെ സ്ഥാപനത്തിനായി ചെലവഴിക്കുന്നത് ക്രമ പ്രകാരമല്ല. കൂടാതെ ഇത് സംബന്ധിച്ച മാർഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് പശ്ചാത്തല വികസനത്തിന് വികസന ഫണ്ടിന്റെ 20% തുക മാത്രമാണ് ചെലവഴിക്കാവുന്നത്. എക്സിക്യൂട്ടിവ് എഞ്ചിനീയർ വികസന ഫണ്ടിത്തിൽ വകയിരുത്തിയ മുഴുവൻ തുകയും പശ്ചാത്തല വികസനത്തിനായാണ് ചെലവഴിച്ചിരിക്കുന്നത്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-25 നിർമാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല.പിഴ ഈടാക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.1444/2021/തസ്വഭവ തീയതി 31/7/2021 പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ സമയത്ത് നിർമാണ പ്രവൃത്തികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് നിയന്ത്രണങ്ങൾ തടസമായിരുന്നത് കണക്കിലെടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള നിർമാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം നീട്ടി നൽകാവുന്നതാണ്. എന്നാൽ താഴേ കാണിച്ച പ്രവൃത്തി 12 മാസത്തോളം വൈകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 0050/21, 61/22 ഓടക്കാട് ജലസേചന കിണറിന് ആഴം കൂട്ടലും പുനരുദ്ധാരണവും |
| അടങ്കൽ തുക | 213000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| പി എ സി തുക | 213000 |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 12122036007201529786<br>തീയതി 29-3-22 തുക 186968 |
| കരാർ നമ്പരും തീയതിയും | AE/LSGD/Tly/720-21 Dtd<br>19-2-21 |
| എം ബുക്ക് നമ്പർ | 24/2021-22 |
| കരാറുകാരന്റെ പേര് | കെ.മനോഹരൻ |

കരാറുകാരനായ ശ്രീ. കെ.മനോഹരൻ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് നാല് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനായി 19-2-2021ന് കരാർ ചമച്ചിരുന്നു. എന്നാൽ എം ബുക്ക് നമ്പർ 24/2021-22പേജ് 21ൽ പ്രവൃത്തി പൂർത്തീകരിച്ചത് 29.03.2022-നാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 10 മാസത്തിലധികം വന്ന കാലതാമസത്തിന് മേൽ, പിഴ ഈടാക്കിയിട്ടില്ല. മേൽ കാലതാമസത്തിനു പിഴ ഈടാക്കാത്തതിനു വിശദീകരണം നല്കുവാനും വ്യക്തമായ കാരണങ്ങളാൽ പിഴ ഒഴിവാക്കി നൽകാനുള്ള കരാറുകാരന്റെ അപേക്ഷ,എ ഇ യുടെ ശുപാർശ, പിഴ ഒഴിവാക്കികൊണ്ട് ഭരണസമിതി തീരുമാനം, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/14-12-2022 ന് കൊറോണ കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ലഭ്യമാക്കുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

മേൽ പ്രവൃത്തി 10 മാസത്തോളം വൈകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ കോവിഡ് നിയന്ത്രണങ്ങൾ മൂലം ഒഴിവാക്കി നൽകാവുന്ന 6 മാസം കാലാവധി ഒഴികെ ബാക്കി 4 മാസത്തിന് പിഴ ഈടാക്കേണ്ടതാണ്.

## 1-26 ഭരണസമിതി തീരുമാനം കൂടാതേയും സപ്ലിമെന്ററി കരാർ തയ്യാറാക്കാതേയും പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 0044/21,63/22 ഇഎം എസ് ഓഡിറ്റോറിയം പുനരുദ്ധാരണം |
| അടങ്കൽ തുക | 1002652 മെയിന്റയിനൻസ് ഫണ്ട് റോഡിതരം<br>97348 തനതു ഫണ്ട്<br>1100000ആകെ തുക |
| പി എ സി തുക | 920094 |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 20220363007201371329<br>തീയതി 26-3-21 തുക 781415<br>20220363007200543758<br>തീയതി 21-10-21 തുക 91767 |
| കരാർ നമ്പരും തീയതിയും | 4/AEE/LSGD/Tly Dtd<br>28-9-20 |
| എം ബുക്ക് നമ്പർ | 7/19-20,35/20-21 |
| കരാറുകാരന്റെ പേര് | വിനീഷ് കുമാർ.യു.എം |

കരാറുകാരനായ ശ്രീ.വിനീഷ് കുമാർ.യു.എം യുടെ 862123.02 നിരക്കിലുള്ള ഇ-ടെണ്ടർ അംഗീകരിച്ച് , 31/5/21 നകം പ്രവൃത്തി പൂർത്തീകരിക്കുവാനായാണ് 28-9-20ന് കരാർ ചമച്ചിരിക്കുന്നത് .എന്നാൽ 31/5/21 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എം ബുക്ക് നമ്പർ 7/19-20 പേജ് 5 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 22-9-21 ന് മാത്രമാണ് . 4 മാസം ആധികം കാലതാമസത്തിന് മേൽ, പിഴ ഈടാക്കിയിട്ടില്ല. മേൽ കാലതാമസത്തിനു പിഴ ഈടാക്കാത്തതിനു വിശദീകരണം നല്കുവാനും, വ്യക്തമായ കാരണങ്ങളാൽ പിഴ ഒഴിവാക്കി നൽകാനുള്ള കരാറുകാരന്റെ അപേക്ഷ, എ ഇ യുടെ ശുപാർശ, പിഴ ഒഴിവാക്കികൊണ്ടുള്ള ഭരണസമിതി തീരുമാനം,സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ കൂടി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/12-12-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കൊറോണ കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടതെന്നും ആയതിനാലാണ് പിഴ ഒഴിവാക്കി നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ലഭ്യമാക്കുകയോ

സപ്ലിമെന്ററി കരാർ ചമയ്ക്കകയോ ചെയ്തിട്ടില്ല.18-8-2018 ലെ നം.എസി.2/223/2015തസ്വഭവ സർക്കലർ പ്രകാരം കരാർ പൂർത്തീകരണ കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് കരാറുകാരന്റെ ബാധ്യതയാണ്. ആയതിനാൽ കരാറുകാരന്റെ അല്ലാത്ത കാരണങ്ങളാൽ ഭരണസമിതി അംഗീകാരത്തോട് കൂടിയും സപ്ലിമെന്ററി കരാർ തയ്യാറാക്കിയും മാത്രമേ പിഴ ഒഴിവാക്കികൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതേയും ഭരണസമിതി തീരുമാനം കൂടാതേയും സപ്ലിമെന്ററി കരാർ തയ്യാറാക്കാതേയും പ്രവൃത്തി കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം വർഷം

| | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2021-22 | 12/12/22&13/12/22 | നമ്പർ കെ.എസ്.എ./കെ.എൻ.ആർ /സി.7/1744/2022 തീയതി: 20.03.2023 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | പ്രൊജക്ടിന്റെ പേര് /നമ്പർ | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 75/22<br>പി എം എ വൈ ഗുണഭോക്താവിന് വിഹിതം നൽകൽ | 98000 | 98000 | 0 |
| | | | 98000 | 98000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 4.72 എ | 1998-99 | 40 | കുരുമുളക് കൃഷി വികസനം -വിനിയോഗിക്കാത്ത ചെലവ് | നിലനിൽക്കുന്നു |
| 1999-2000 | 4.72 ബി | 1998-99 | 33 | വില നൽകിയ സി എഫ് ലാമ്പുകൾ ലഭ്യമാക്കാത്തത് | നിലനിൽക്കുന്നു |
| 2011-12 | 2-7 | 2008-09 | 3-4 | പിണറായി ഗ്രാമ പഞ്ചായത്തിലെ വയോജന വിശ്രമകേന്ദ്രം -നിഷ്ക്രിയ ആസ്തി | നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66070688 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58952306 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1749481 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 300000 | ശ്രീ.സതീശൻ കോടഞ്ചേരി,ഇൻഡസ്ട്യയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 950000 | ശ്രീമതി. ലക്ഷ്മി കേളോത്ത്,ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| 1-23 | 499481 | ശ്രീ.ദിലീപ്കുമാർ,അസി.എക്സിക്യൂട്ടിവ് |

| | | |
|---|---|---|
| | | എഞ്ചിനീയർ |
| ആകെ തുക | 1749481 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീശൻ കോടഞ്ചേരി,ഇൻഡസ്ട്ര്യയൽ എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്ര്യയൽ എക്സ്റ്റൻഷൻ ഓഫീസർ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | റോസ്, കോട്ടം,പി.ഒ, മുണ്ടലൂർ |
| ശ്രീമതി.ലക്ഷ്മി കേളോത്ത്,ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | പാഞ്ചജന്യം, കുന്നിരിക്ക, പാതിരിയാട്. |
| ശ്രീ.ദിലീപ്കുമാർ,അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കണ്ടാച്ചേരിഹൗസ്, മൗവ്വഞ്ചേരി, കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |
| 2007-08 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 2 |
| 2008-09 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 3 |
| 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2011-12. 2012-13 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |

| | | |
|---|---|---|
| 2015-16 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 5 |
| 2016-17 | കെ എസ് എ /കെ എൻ ആർ /സി 7/723/2019 തീയതി 30.5.2019 | 4 |
| 2017-18 | കെ എസ് എ /കെ എൻ ആർ /സി 7/1914/2018 തീയതി 5.7.2019 | 12 |
| 2018-19 | കെ എസ് എ /കെ എൻ ആർ /സി 7/1914/2018 തീയതി 5.7.2019 | 22 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ. /സി.7/471/2022 തീയതി: 03.06.2022 | 19 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ. /സി.7/472/2022 തീയതി: 07.06.2022 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ, ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Thalassery Block Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 1959639.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 1295.00 |
| 150000000 | Sale & Hire Charges | RP-5 | 48323.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 38365791.00 |
| 171000000 | Interest Earned | RP-9 | 4998.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13075964.00 |
| 350000000 | Other Liabilities | RP-36 | 26750.00 |
| | Non Operating | | |
| 350000000 | Other Liabilities | RP-36 | 34330.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 13959517.00 |
| 460000000 | Loans, Advances and Deposits | RP-47 | 553720.00 |
| | Grand total | | 68030327.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4297600.00 |
| 220000000 | Administrative Expenses | RP-12 | 686047.00 |
| 230000000 | Operations & Maintenance | RP-13 | 1414078.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7534408.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 21284843.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2408125.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 84165.00 |
| 255000000 | Maintenance Projects | RP-20 | 195719.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 271368.00 |
| 320000000 | Grants, Funds & Contributions for | RP-31 | 37988.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| 350000000 | Other Liabilities | RP-36 | 4061443.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 348.00 |
| 340000000 | Deposits Received | RP-34 | 8000.00 |
| 350000000 | Other Liabilities | RP-36 | 193052.00 |
| 410000000 | Fixed Assets | RP-38 | 1287836.00 |
| 411000000 | Accumulated Depreciation | RP-39 | 44916.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 14361283.00 |
| 460000000 | Loans, Advances and Deposits | RP-47 | 781087.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9078021.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 68030327.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Thalassery Block Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 72000.00 |
| 140000000 | Fee & User Charges | I-4(b) | 1295.00 |
| 150000000 | Sale & Hire Charges | I-5(b) | 48323.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 44325602.00 |
| 171000000 | Interest Earned | I-8 | 4998.00 |
| | Total Income | | 44452218.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 4297600.00 |
| 220000000 | Administrative Expenses | I-11(b) | 686047.00 |
| 230000000 | Operations & Maintenance | I-12(b) | 1554924.00 |
| 240000000 | Interest & Finance Charges | I-13 | 348.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8206208.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23174010.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4842912.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 84165.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 90000.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 195719.00 |
| 272000000 | Depreciation | I-17(a) | 1144316.00 |
| | Total Expenditure | | 44276249.00 |
| | Gross Surplus / Deficit of income over Expenditure | | 175969.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 263996.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -88027.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

അനുബന്ധം-3-3

ബാലൻസ് ഷീറ്റ്

Thalassery Block Panchayat BALANCE SHEET
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22554527.00 |
| 312000000 | Reserves | B-3 | 26481328.00 |
| | Total Reserve & Surplus | | 49035855.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10253854.00 |
| | Total Grants, Contributions for Specific Purposes | | 10253854.00 |
| | Loans | | |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 222581.00 |
| 350000000 | Other Liabilities | B-9 | 2910.00 |
| | Total Current Liabilities and Provisions | | 225491.00 |
| | TOTAL LIABILITIES | | 59515200.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 42612081.00 |
| 411000000 | Accumulated Depreciation | B-11 | -7300232.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 35311849.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 14515743.00 |
| 450000000 | Cash and Bank Balance | B-17 | 9078021.00 |
| 460000000 | Loans, Advances and Deposits | B-18 | 609587.00 |
| | Total Current Assets, Loans and Advances | | 24203351.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 59515200.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.